# ബിലീവേഴ്സ് ഈസ്റ്റേൺ ചർച്ച്

**സിനഡ് സെക്രട്ടറിയറ്റ്, സെന്റ് തോമസ് കമ്യൂണിറ്റി, തിരുവല്ല, കേരളം, ഇൻഡ്യ**

## ഇടയലേഖനം

November 2023

**ബിലീവേഴ്സ് ഈസ്റ്റേൺ ചർച്ചിലെ എല്ലാ ആർച്ചുബിഷപ്പുമാർക്കും, തിരുമേനിമാർക്കും, വൈദീകർ, ശെമ്മാശന്മാർ, സുവിശേഷകർ, സിസ്റ്റേഴ്സ് ഓഫ് കംപാഷൻ എന്നിവർക്കും ലോകമെമ്പാടുമുള്ള സഭയുടെ എല്ലാ വിശ്വസ്തർക്കും**

**പിതാവിന്റെയും പുത്രന്റെയും പരിശുദ്ധ റൂഹായുടെയും നാമത്തിൽ അനുഗ്രഹങ്ങളും വാഴ്വുകളും.**

കർത്താവിൽ എനിക്ക് വാത്സല്യമുള്ളവരേ,

നവംബർമാസം അവസാനിച്ച് ഡിസംബർ മാസത്തിലേക്ക് നാം പ്രവേശിക്കുമ്പോൾ ഈ രണ്ട് മാസങ്ങളുടെ പ്രാധാന്യത്തെപ്പറ്റി നാം നമ്മെത്തന്നെ ഓർമ്മിപ്പിക്കേണ്ടതാണ്. നവംബർ മാസത്തിൽ പുതിയ ആരാധനാവർഷം ആരംഭിക്കുകയും അതോടൊപ്പം ഡിസംബറിൽ സഭാകലണ്ടറിലെ ഏറ്റവും പ്രധാന സംഭവങ്ങളിലൊന്നായ മ്ശിഹായുടെ ജനനം നാം അനുസ്മരിക്കുകയും ചെയ്യുന്നു.

ദൈവത്തിന്റെ ജനം എന്ന നിലയിൽ നാം പിൻതുടരുന്ന പൊതുകലണ്ടറിനെക്കാൾ നമ്മുടെ ജീവിതം ചുറ്റിപ്പറ്റി നിൽക്കുന്നത് സഭാകലണ്ടറിലാണ്. ഈ പുതിയ ആരാധനാവർഷത്തിൽ ക്രിസ്തുവിലുള്ള നമ്മുടെ ജീവിതം മെച്ചപ്പെടുന്നതിന് നാം പ്രതിജ്ഞാബദ്ധരാകേണ്ടത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. അനുദിന ദൈവവചനവായന, കുടുംബപ്രാർത്ഥന, ദൈനംദിന മാനസാന്തരം, ദശാംശം നൽകുന്നത്, സഭാകലണ്ടറിലെ സംഭവങ്ങൾ നിരീക്ഷിക്കുക തുടങ്ങിയ അച്ചടക്കങ്ങൾ നമ്മിൽ വളർത്തിയെടുക്കേണ്ടത് ആവശ്യമാണ്.

ഈ ആത്മീയ വിഷയങ്ങളിൽ വിശ്വസ്തതയോടെ സ്വയം സമർപ്പിച്ച്, അവയെ നിങ്ങളുടെ ജീവിതത്തിന്റെ ഭാഗമാക്കി മാറ്റുന്നതിൽ സ്ഥിരത പുലർത്തുവാനും ഞാൻ നിങ്ങളെ പ്രോത്സാഹിപ്പിക്കുന്നു. ഇങ്ങനെയെല്ലാം ചെയ്യുന്നതിനുള്ള പ്രധാന താക്കോൽ സഭയുടെ കലണ്ടർ വിശ്വസ്തതയോടെ പിൻതുടരുക എന്നതാണ്. നിങ്ങളുടെ ആത്മീയ ജീവിതത്തെ രൂപപ്പെടുത്തുന്നതിന്റെ ഭാഗമായി രൂപകല്പന ചെയ്ത് എല്ലാ നോമ്പുകളും പെരുന്നാളുകളും ഈ കലണ്ടറിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. നമ്മുടെ കർത്താവും രക്ഷിതാവുമായിരിക്കുന്ന യേശുമ്ശിഹായുടെ ഭൗമിക ജീവിതത്തിലെ സുപ്രധാനമായ സംഭവങ്ങളെ ഉൾക്കൊള്ളിച്ചുകൊണ്ടാണ് സഭാകലണ്ടർ രൂപപ്പെടുത്തിയിരിക്കുന്നത്. അതിൽ യേശുവിന്റെ ആഗമനകാലത്തെയും ക്രിസ്തുമസ് ആഘോഷങ്ങളെയും തുടക്കത്തിൽതന്നെ ചേർത്തിരിക്കുന്നു.

ക്രിസ്തുമസ് പ്രത്യാശയുടെയും സന്തോഷത്തിന്റെയും സമാധാനത്തിന്റെയും ശക്തമായ സന്ദേശമാണ് നൽകുന്നത്. സ്നേഹവും രക്ഷയും നമുക്കു നൽകിയ ദൈവത്തിന്റെ വിശിഷ്ടമായ പ്രവർത്തിയെക്കുറിച്ച് ചിന്തിക്കുവാനും ഇത് നമ്മെ സഹായിക്കുന്നു. തിരുപ്പിറവിയുടെ രാത്രിയിൽ ഇടയന്മാരോട് ദൂതൻ നടത്തിയ പ്രഖ്യാപനം ഈ വികാരത്തെ പൂർണ്ണമായും ഉൾക്കൊള്ളുന്നതുമാണ്. “ദൂതൻ അവരോട്, ഭയപ്പെടേണ്ട, സർവ്വജനത്തിനും ഉണ്ടാകുവാനുള്ള ഒരു മഹാസന്തോഷം ഞാൻ നിങ്ങളോട് സുവിശേഷിക്കുന്നു. കർത്താവായ യേശുക്രിസ്തു എന്ന രക്ഷിതാവ് ഇന്നു ദാവീദിന്റെ പട്ടണത്തിൽ നിങ്ങൾക്കായി ജനിച്ചിരിക്കുന്നു” (ലൂക്കൊസ് 2:10,11). ഈ വാർത്ത നമുക്ക്

ഓരോരുത്തർക്കും വേണ്ടിയാണ്. അത് നമ്മുടെ ഹൃദയങ്ങളിൽ സന്തോഷവും പ്രതീക്ഷയും നിറയ്ക്കുന്നതാണ്. ദൈവം മനുഷ്യ ചരിത്രത്തിൽ പ്രവേശിച്ച് ഇമ്മാനുവേൽ ആയിത്തീർന്നിരിക്കുന്നു.

“വചനം ജഡമായിത്തീർന്നു, കൃപയും സത്യവും നിറഞ്ഞവനായി നമ്മുടെ ഇടയിൽ പാർത്തു” (യോഹന്നാൻ 1:14) എന്ന് തിരുവെഴുത്തുകൾ പറയുന്നതുപോലെ ദൈവം നമ്മോടൊപ്പം ഉണ്ട്. ദൂതന്മാരും ഇടയന്മാരും വിദ്വാന്മാരും ക്രിസ്തുവിന്റെ ജനനത്തെക്കുറിച്ചുള്ള സുവിശേഷം തങ്ങളിൽ തന്നെ സൂക്ഷിച്ചില്ല. മറിച്ച് അവർ കണ്ടുമുട്ടിയ സത്യവും അനുഭവങ്ങളും അവർ മറ്റുള്ളവർക്ക് കൈമാറി. ഈ ക്രിസ്തുമസ് കാലയളവിൽ നാം നേടിയതും അനുഭവിച്ചതുമായ ഈ സന്തോഷവും ആഘോഷവും നമ്മുടെ ഇടവകകളുടെയും, ഭവനങ്ങളുടെയും, ഹൃദയങ്ങളുടെയും മതിൽക്കെട്ടുകൾക്ക് അപ്പുറത്തേക്ക് വിശാലമായി നമ്മുടെ സമൂഹത്തിലേക്ക് വ്യാപിപ്പിക്കുവാൻ നമുക്കു കഴിയട്ടെ.

നാം ക്രിസ്തുമസ്സിലേക്ക് അടുക്കുമ്പോൾ ലോകമെമ്പാടുമുള്ള ഓർത്തഡോക്സ് വിശ്വാസികൾ ക്രിസ്തുമസ് നോമ്പ് ആചിരിക്കുന്നതിലൂടെ ദൈവപുത്രൻ ജഡമായിത്തീർന്ന് നമ്മിൽ ഒരാളായ അത്ഭുതകരമായ അനുഭവം പ്രാർത്ഥനാപൂർവ്വം ധ്യാനിക്കുവാൻ ഈ കാലം നമ്മെ സഹായിക്കുന്നു. ഈ വൃതാനുഷ്ഠാന സമയത്ത്, ക്രിസ്തു നമ്മെപ്പോലെ ആയിത്തീർന്നതുപോലെ നാമും അവനെപ്പോലെ ആയിത്തീരുന്നതിന് ആന്തരീകമായും ബാഹ്യമായും നമുക്ക് ഒരു തയ്യാറെടുപ്പ് നടത്തുവാൻ സാധിക്കുന്നു എന്നുള്ളത് ഈ നോമ്പുകാലത്തിന്റെ പ്രത്യേകതയാണ്. നമ്മുടെ കർത്താവായ യേശുമ്ശിഹായോടുള്ള പ്രതിബദ്ധത പുതുക്കുവാനും നമ്മുടെ ജീവിതത്തിൽ സമാധാനവും വിശുദ്ധിയും പുനഃസ്ഥാപിക്കുവാനുമുള്ള ഒരു സമയമാണിത്.

ഉപവാസം അല്ലെങ്കിൽ നോമ്പ് എന്നത് ഭക്ഷണത്തെ ഉപേക്ഷിക്കുന്നതാണ് എന്ന് നാം പലപ്പോഴും കരുതുന്നു. വിശുദ്ധ ജോൺ ക്രിസോസ്റ്റം നമ്മെ ഉദ്ബോധിപ്പിക്കുന്നത്, “ഉപവാസവും നോമ്പും എന്നത് ഭക്ഷണവർജ്ജനം മാത്രമാണ് എന്ന് കരുതുന്നത് തെറ്റിദ്ധാരണയാണ്, യഥാർത്ഥ ഉപവാസം തിന്മയിൽ നിന്നും നാം പാലിക്കേണ്ട അകൽച്ചയാണ്.” ഭക്ഷണത്തിൽ നിന്നും നാം ഉപവസിക്കുമ്പോൾ പാപം, അസൂയ, കോപം എന്നിവയിൽ നിന്നുമുള്ള ഉപവാസവും ഒരു വെല്ലുവിളിയാണ് എന്ന് ഓർക്കണം.

ഒരു സഭ എന്ന നിലയിൽ സഭയുടെ കലണ്ടറിലെ വിവിധ ഘട്ടങ്ങളിൽ സജീവമായി പങ്കെടുത്ത് ക്രിസ്തുവിന്റെ ഒരേ ശരീരമായി ജീവിക്കുവാനുള്ള അവസരങ്ങൾ എല്ലാം നമുക്ക് പ്രയോജനപ്പെടുത്താം. പള്ളികളുടെ മതിൽക്കെട്ടുകൾക്കപ്പുറത്ത് പോകാനും, ഇടവകകൾ അവരുടെ ദൗത്യനിർവ്വഹണത്തിൽ അഭിവൃദ്ധി നേടിയവരായി മാറുവാനും, ക്രിസ്തുവിനെപ്പോലെയാകുവാനും ഈ പുതിയ ആരാധനാവർഷം നമുക്കു സാധിക്കട്ടെ എന്ന് ഞാൻ ആഹ്വാനം ചെയ്യുന്നു.

സർവ്വശക്തനായ ദൈവത്തിന്റെ സമാധാനവും കൃപയും എന്നേക്കും നിങ്ങളോടുകൂടെ ഉണ്ടായിരിക്കട്ടെ!

പരിശുദ്ധ സഭയിൽനിന്നും,

ക്രിസ്തുവിൽ നിങ്ങളുടെ പിതാവ്

സിനഡ് സെക്രട്ടറിയേറ്റ്
തിരുവല്ല, കേരള
സെന്റ് തോമസ്ദിനം 2023

+ Athyohan M

**✠ മോറാൻ മോർ അത്തനേഷ്യസ് യോഹാൻ പ്രഥമൻ മെത്രാപ്പൊലീത്ത**

Copyright © BEC kerala shepherd letter